LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ മുൻവർഷങ്ങളിൽ താഴെ ചേർത്ത പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്:

16. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി./പ്ലസ് ടു, ബിരുദ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന പരിപാടി.

17. ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വനിതകൾക്കായിട്ടുള്ള കാലിഗ്രാഫി പരിശീലന പദ്ധതി.

18. മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിലെ അംഗങ്ങളുടെ ബി ടെക് - ന് പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ ലാപ്ടോപ്പ്.

19. 9-ാം ക്ലാസ്സിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യ പഠനമേശയും കസേരയും വിതരണം.

ന്യൂനപക്ഷ കമ്മീഷൻ

192 (1630) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം ക്ഷേമപദ്ധതികളാണ് ഇതുവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2013-ലെ 37-ാം നമ്പർ ഓർഡിനൻസ് പ്രകാരം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു 5-6-2013-ലെ സ.ഉ. (അച്ചടി) നമ്പർ 163/2013/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അഡ്വ. എം. വീരാൻകുട്ടിയെ ചെയർമാനായും അഡ്വ. വി. വി. ജോഷി, അഡ്വ. കെ. പി. മറിയുമ്മ എന്നിവരെ അംഗങ്ങളായും നിയമിച്ചു.

(ബി) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള അസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശിപാർശ ചെയ്യുക, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിവേചനങ്ങളിൽ നിന്നുണ്ടാവുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക, ന്യൂനപക്ഷത്തെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക, ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട് നിർണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവഹിക്കുക, ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഏൽപിച്ചുകൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി&ഡി) കമ്മീഷൻ മുഖേന ക്ഷേമപ്രവർത്തനങ്ങളൊന്നും നടപ്പിലാക്കുന്നില്ല

ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് ഭവനനിർമ്മാണ ധനസഹായം

193 (1631) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷവിഭാഗത്തിലെ വിധവകൾക്ക് ഭവനനിർമ്മാണത്തിന് നൽകുന്ന ധനസഹായം ജില്ലകളിൽ വിതരണം ചെയ്തതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) ധനസഹായ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

(എ) ഓരോ ജില്ലയിലേക്കും ഭവന പദ്ധതിക്കുവേണ്ടി അനുവദിച്ച തുക വർഷം തിരിച്ച് താഴെ കൊടുക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly